LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കുന്നമ്മൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോവകുന്നിൽ നിലവിലുള്ള മാസ്റ്റർ ബാലൻസിംഗ് റിസർവോയറിൽനിന്ന് പദ്ധതിയുടെ ഭാഗമായി പെരുവാണ്ണിയിൽ നിർമ്മിക്കേണ്ട 9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണിയിലേക്ക് ജലമെത്തിക്കുന്നതിനുള്ള ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തിയും 5800 മീറ്റർ വിതരണ ശൃംഖലയും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഗ്രാവിറ്റി മെയിനിൽ നിന്ന് വിതരണ പൈപ്പുകൾ ഇന്റർലിങ്ക് ചെയ്ത മുന്നൂറോളം വീടുകളിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടാങ്കിന്റെ രൂപകൽപ്പനയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രയോജനപ്പെടും എന്നറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ?

മണ്ഡലത്തിലെ ഏകദേശം 2500 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. 2021 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പദ്ധതിയുടെ ആവശ്യത്തിലേക്കായി വെട്ടിമുറിച്ച റോഡുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

പൈപ്പുകൾ സ്ഥാപിക്കുന്നതിനായി മുറിക്കേണ്ടി വന്ന റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക പൊതുമരാമത്ത് വകുപ്പിലും ബന്ധപ്പെട്ട പഞ്ചായത്തിലും ഒടുക്കിയിട്ടുണ്ട്.

ജൽജീവൻ മിഷൻ പദ്ധതികൾ

214(520) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നി നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ?

റാന്നി മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി-പെരുനാട്, റാന്നി-അങ്ങാടി, കൊറ്റനാട്, നരണംമൂഴി, അയിരൂർ, എഴുമറ്റൂർ, ചെറുകോൽ, റാന്നി, വെച്ചൂച്ചിറ എന്നീ പഞ്ചായത്തുകളിൽ 29104 കുടിവെള്ള

കണക്ഷനുകൾ നൽകുന്നതിനായി 21930.32 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.* റാന്നി നിയോജകമണ്ഡലത്തിലെ ചെറുകോൽ, എഴുമറ്റൂർ, കൊറ്റനാട്, കോട്ടങ്ങൾ, അയിരൂർ, നരണംമൂഴി, റാന്നി, റാന്നി -അങ്ങാടി, റാന്നി - പഴവങ്ങാടി, റാന്നി -പെരുനാട്, വടശേരിക്കര, വെച്ചൂച്ചിറ എന്നീ പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റി, ജലവിഭവ വകുപ്പ് എന്നീ നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ഗുരുവായൂർ അഴുക്കുചാൽ പദ്ധതി

215(521) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രയൽ റൺ പൂർത്തീകരിച്ച ഗുരുവായൂർ അഴുക്കുചാൽ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ ട്രയൽ റൺ പൂർത്തീകരിച്ചിട്ടില്ല. സ്വീവേജ് പ്ലാന്റിന്റെ പ്രവർത്തനം സെപ്റ്റേജ് ഉപയോഗിച്ച് മാത്രമേ ട്രയൽ റൺ നടത്തിയിട്ടുള്ളൂ. സ്വീവേജ് ഉപയോഗിച്ച് ട്രീറ്റ്മെൻറ് പ്ലാന്റിന്റെ ട്രയൽ റൺ നടത്തേണ്ടതുണ്ട്. ബാക്കി ഘടകങ്ങളുടെ ട്രയൽ റൺ നടത്തിയിട്ടില്ല. ആയതിനാൽ ടി പദ്ധതി 2021 സെപ്റ്റംബർ 30-ാം തീയതി ട്രയൽ റൺ ചെയ്ത് സോൺ ഒന്നും മൂന്നും ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. സോൺ രണ്ടിലെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് 2021 ഡിസംബർ 3 -ന് ട്രയൽ റൺ നടത്തി പദ്ധതി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

216(522) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കുടിവെള്ള ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി,ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25-6-2019-ൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly